# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 608 29.06.2011-ൽ മറുപടിക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.സെൽവരാജ് | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി ഏതൊക്കെ പദ്ധതികളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിക്കു വേണ്ടി സാർക്ക് സ്കീമിൽ ഉൾപ്പെടുത്തി 408 ലക്ഷം രൂപ അടങ്കൽ തുകയുള്ള 'നെയ്യാറ്റിൻകര നഗര ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം' പദ്ധതിയും, മണ്ഡലത്തിലെ ചെങ്കൽ, കാരോട് കുളത്തൂർ, തിരുപുറം എന്നീ പഞ്ചായത്തുകൾക്കു കുടി പ്രയോജനം ലഭിക്കുന്ന പാറശ്ശാലയ്ക്കും സമീപ വില്ലേജുകൾക്കും, മറുകിൽ - മാറനല്ലൂർ വില്ലേജുകൾക്കും വേണ്ടിയുള്ള 13640 ലക്ഷം രൂപ അടങ്കൽ തുകയുള്ള സാർക്ക് സ്കീമിൽ ഉൾപ്പെടുത്തിയ പദ്ധതിയും ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലെ ചെറുകിട കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ടി സ്ഥലം എം.എൽ.എ സമർപ്പിച്ച നിവേദനം സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ